**കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ, എറണാകുളം ജില്ല**

**പ്രവചന കാലയളവ് 04.03.2023 മുതൽ 08.03.2023 വരെ**

**വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ**

**കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും**

**ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്**

| എ എ എസ് ബുള്ളറ്റിൻ നമ്പർ 09/2023,(18) വെള്ളിയാഴ്ച്ച | തീയ്യതി 03/03/2023 |
|---|---|

**2. അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :**

| കാലാവസ്ഥാ ഘടകങ്ങൾ | 04.03.2023 | 05.03.2023 | 06.03.2023 | 07.03.2023 | 08.03.2023 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0 | 0 | 0.1 | 0 | 0 |
| ഉയർന്ന താപനില (°C) | 34 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 25 | 24 | 24 | 24 | 24 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 60 | 60 | 60 | 60 | 60 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 50 | 50 | 50 | 50 | 50 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 5 | 4 | 4 | 4 | 4 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 70 | 20 | 20 | 50 | 50 |
| മേഘ വ്യാപ്തി (ഒക്ടാ ) | 0 | 1 | 2 | 1 | 4 |

കാലാവസ്ഥാ അറിയിപ്പ് : ജില്ലയിൽ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ വളരെ നേരിയ തോതിൽ മഴയ്ക്ക് സാധ്യത. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴയ്ക്ക് സാധ്യത.

**3. വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും**

പൊതുനിർദേശങ്ങൾ: വേനൽച്ചൂടിൽനിന്നും മനുഷ്യരെയും സസ്യങ്ങളെയും, പക്ഷിമൃഗാധികളെയും സംരക്ഷിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ചൂടുകൂടിയസമയങ്ങളിൽ പുറത്തുപോകുന്നത് കഴിവതും ഒഴിവാക്കുക. അതുവഴി സൂര്യതാപത്തിൽ നിന്നും രക്ഷ നേടാം. കൃഷിപ്പണികൾ ചെയ്യുമ്പോൾ സൂര്യപ്രകാശം നേരിട്ട് ശരീരത്തിൽ പതിക്കാത്തവിധത്തിൽ തൊപ്പി, കുട എന്നിവ ഉപയോഗിക്കുക. ശരീരത്തിന്റെ നിർജലീകരണം തടയാൻ ഇടക്കിടക്ക് ധാരാളം ശുദ്ധജലം കുടിക്കുക. ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും വിളകൾക്ക് ആവശ്യഘട്ടങ്ങളിൽ ജലസേചനംകൊടുക്കുകയും, മണ്ണിൽ ആവശ്യത്തിന് ഈർപ്പമുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക. ശക്തിയായ സൂര്യപ്രകാശം ഇല്ലാത്തപ്പോൾ മാത്രം ജലസേചനം കൊടുക്കുക. കണികാജലസേചനത്തിലൂടെ ജലനഷ്ട്ടം ഒരുപരിധിവരെ കുറക്കാനാകും

| വിളകൾ | രോഗകീടങ്ങൾ | കാർഷിക / മൃഗസംരക്ഷണ നിർദ്ദേശങ്ങൾ (RRS Vyttila) |
|---|---|---|
| നെല്ല് – ചിനപ്പ് പൊട്ടുന്ന പരുവം | ബാക്ടീരിയൽ ഇല കരിച്ചിൽ | 20 ഗ്രാം പച്ച ചാണകം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്ത് 20 ഗ്രാം സ്യൂഡോമോണസും ചേർത്തു കലക്കി തളിക്കാവുന്നതാണ്. |
| വാഴ | തടപ്പുഴു | കൂമ്പിനു ചുറ്റുമുള്ള നാല് ഇളക്കവിളുകളിൽ മിത്രനിമാവിരകൾ സന്നിവേശിപ്പിക്കപ്പെട്ട കഡാവറുകൾ വയ്ക്കുന്നത് പിണ്ടി പുഴുവിൻറ്റെ ആക്രമണത്തെ പ്രതിരോധിക്കാൻ സഹായിക്കുന്നു. വാഴ നട്ട് അഞ്ച്, ആറ്, ഏഴ് മാസങ്ങൾ കഴിയുമ്പോൾ കഡാവറുകൾ ഉള്ളിലെ ഇളക്കവിളുകളിൽ വയ്ക്കുക |
| പച്ചക്കറികൾ | നീരൂറ്റിക്കുടിക്കുന്ന കീടങ്ങൾ | മിത്ര കുമിളായ ലേക്കാനിസീലിയം ലെക്കാനി കീടാക്രമണത്തിൻറ്റെ തുടക്കത്തിൽ തന്നെ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക.<br>വേപ്പധിഷ്ഠിത കീടനാശിനികൾ തളിക്കുകയോ അല്ലെങ്കിൽ രാസ കീടനാശിനികളായ ഡൈമെത്തോയേറ്റ് 30 EC (1.5 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ) അല്ലെങ്കിൽ തയാമേതോക്സാം 20 WG (2 ഗ്രാം 10 ലിറ്റർ വെള്ളത്തിൽ) എന്നിവയിലേതെങ്കിലും ഇലകളുടെ അടിഭാഗത്ത് കൂടി വീഴുന്ന വിധം തളിക്കുക. മീലി മൂട്ടകൾ, വെള്ളീച്ചകൾ എന്നിവക്കെതിരെ കീടനാശിനികൾ ഉപയോഗിക്കുന്നതിനു മുൻപ് സോപ്പ് വെള്ളം തളിക്കുന്നത് കീടങ്ങൾ പുറപ്പെടുവിക്കുന്ന മെഴുകുപോലുള്ള ആവരണങ്ങൾ അലിയിക്കുന്നതിനു സഹായിക്കുന്നു. |

മൃഗസംരക്ഷണം -: വളർത്തുപക്ഷി മൃഗാധികൾക്കു ആവ്യശ്യത്തിനു ശുദ്ധജലം നൽകണം, വെയിലിൽ നിന്നും ചൂടിൽ നിന്നും സംരക്ഷണം നൽകണം. അവയുടെ താമസ സ്ഥലത്ത് വേണ്ടത്ര വായുസഞ്ചാരം ക്രമീകരിക്കണം. ചൂട് കൂടിയ സമയത്ത് കന്നുകാലികളെ മേയാൻ വിടാതിരിക്കുക.